# വിശാലകൊച്ചിവികസന അതോറിറ്റി

പി.ബി. നമ്പർ 2012 ഫോൺ: 2205061 ഫാക്സ്:91 484 2206230 കൊച്ചി-682 020
website:www.gcda.kerala.gov.in.E-mail :gcdaonline@gmail.com

നം.8583/എസ്റ്റേറ്റ്/ബി2/02/ജിസിഡിഎ. തീയതി, 15.01.2018

## ടെണ്ടർ/ലേലം പരസ്യം

കലൂർ ജെ. എൻ. ഐ. സ്റ്റേഡിയത്തിലെ ഒഴിപ്പിച്ചെടുത്തിട്ടുള്ള മുറികളിൽ സൂക്ഷിച്ചിട്ടുള്ള ഫർണീച്ചറുകളും അതിനോടനുബന്ധിച്ച ഉപകരണങ്ങളും ടെണ്ടർ/ലേലം വഴി 25/01/2018 തീയതി വിൽപ്പന നടത്തുന്നതാണ്.

താൽപര്യമുള്ളവർ നിശ്ചിത നിരതദ്രവ്യത്തോടൊപ്പം നിർദ്ദിഷ്ട അപേക്ഷാ ഫോറത്തിൽ വാഗ്ദാനം ചെയ്യുന്ന തുക രേഖപ്പെടുത്തിയ ടെണ്ടർ മുദ്രവച്ച കവറുകളിൽ 25/01/2018 തീയതി 11. മണിക്ക് മുൻപായി ജിസിഡിഎ ഓഫീസിൽ എസ്റ്റേറ്റ് വകുപ്പിൽ സമർപ്പിക്കേണ്ടതാണ്. ലേലത്തിൽ മാത്രം പങ്കെടുക്കാനാഗ്രഹിക്കുന്നവർ നിശ്ചിത ഇ.എം.ഡി. അടവാക്കി 11.30.എ.എം. ന് മുൻപായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. തുടർന്ന് 12. മണിക്ക് പരസ്യലേലം നടത്തുന്നതാണ്.

ടെണ്ടർ/ലേലത്തിൽ പങ്കെടുക്കുന്നതിനായി 560/- രൂപ (നികുതി ഉൾപ്പെടെ) അതോറിറ്റിയിൽ അടവാക്കി അപേക്ഷാഫോറം വാങ്ങേണ്ടതാണ്. ടെണ്ടർ ഫോറം നൽകുന്ന അവസാന തീയതി 24.01.2018 തീയതി 3.30.പി.എം. വരെയാണ്.

നിരതദ്രവ്യ തുക 35,000/- രൂപയുടെ സെക്രട്ടറി, ജിസിഡിഎ, കൊച്ചി, എന്ന പേരിൽ ഡി.ഡി. ആയി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ടെണ്ടറിനൊപ്പം നിരതദ്രവ്യവും സമർപ്പിച്ചിട്ടുള്ളവർ ലേലത്തിൽ പങ്കെടുക്കുവാൻ നിശ്ചിത നിരതദ്രവ്യത്തിന്റെ ഫോട്ടോ കോപ്പി കൈയിൽ സൂക്ഷിക്കേണ്ടതാണ്. നിലവിലുള്ള സർക്കാർ ലേല നിബന്ധനകൾ ഈ ലേലത്തിനും ബാധകമാണ്. ലേല തുകയോ ടെണ്ടർ തുകയോ ഏതാണ് കൂടുതൽ ആയത് പരിഗണിക്കുന്നതാണ്.

ലേലം/ടെണ്ടർ ഉറപ്പിച്ച് കിട്ടുന്നയാൾ ലേലം/ടെണ്ടർ തുകയുടെ 50% അന്നേ ദിവസം 3.30. ന് മുൻപായി ഓഫീസിൽ അടച്ച് രസീത് ഹാജരാക്കേണ്ടതാണ്. ലേലം/ടെണ്ടർ തുക കൂടാതെ നിയമാനുസൃതമായ നികുതി ഈടാക്കുന്നതാണ്.

ലേലം/ടെണ്ടർ ഒന്നായോ മുഴുവനായോ നിരസിക്കുവാനുള്ള അധികാരം ജിസിഡിഎ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ജിസിഡിഎ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

(ഒപ്പ്)
സെക്രട്ടറി

പകർപ്പ്:-
നോട്ടീസ്ബോർഡ്,
കൊച്ചി നഗരസഭ,

സൂപ്രണ്ട്

d
16-1-18

**GREATER COCHIN DEVELOPMENT AUTHORITY**
P.B.No.2012 Phone : 2205061 FAX 91 484 206230 Kochi- 682 020 website: www.gcda.kerala.gov.in. E-mail : gcdaonline@gmail.com

# Tender/Auction Notice

Secretary GCDA invites sealed competitive tenders from interested persons/firms for Auction/tender of furniture and related materials stored in the rooms of Jawaharlal Nehru International Stadium Complex at Kaloor.

The tenders will be accepted till 11.00 A.M. on 25/01/2018 GCDA Estate section. The registration for auction will be closed at 11.30 A.M. Tender/Auction will be conducted at 12.00.P.M. Application form is available in GCDA office at the cost of Rs.560/- (including tax) to participate in tender/auction. The tenders received will be opened by the Secretary on completion of auction on the same day in the presence of bidders or their authorized representatives who chose to be present at the time of opening the tender.

EMD of 35,000/- rupees in the form of DD should be drawn in favour of The Secretary, GCDA, payable at Kochi

The applicant can participate in the tender as well as in the auction. Those who participate only in auction should deposit the EMD and register their names before 11.30.A.M.

Those who presented EMD along with tender should have the photo copy of the same to participate in auction.

All rules and conditions of Govt. for tenders/auction is applicable for this auction/tender.

Bidder who quoted/auctioned at higher amount will be allotted the tender. Allottee should deposit 50% of allotted amount before 3.30.p.m. on the same day and produce the receipt. All the right to cancel the tender /auction as a whole or as by part, vest in Secretary GCDA

For detailed information contact GCDA office at working hours.

Sd/-
Secretary
Superintendent

d